**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫ: എം. എ . ഖാദർ ചെയർമാനായുള്ള വിദഗ്ധ സമിതി തയാറാക്കിയ മികവിനായുള്ള വിദ്യാഭ്യാസം എന്ന റിപ്പോർട്ട് തയ്യാറാക്കിയ സമിതിയിലെ അംഗങ്ങളിൽ എത്രപേർ സീമാറ്റ് കേരളയിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ഏകീകരണ കമ്മിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടു പേർ |
| (ബി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സമർപ്പിക്കാത്ത ഏതെങ്കിലും അംഗങ്ങളെ സ്കൂൾ ഏകീകരണ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ അംഗങ്ങളെയാണ് ഉൾപ്പെടുത്തിയതെന്നും അങ്ങനെ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും വ്യക്തമാക്കുമോ; | (ബി) | വിദഗ്ധ സമിതി എന്നത് കൂട്ടായുള്ള പ്രവർത്തനം നടത്തുന്ന സമിതിയാണ്. അവിടെ രൂപപ്പെടുന്ന റിപ്പോർട്ട് സമിതിയുടെ പൊതുവായുള്ളതാണ്. അതുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കാത്ത അംഗങ്ങൾ എന്ന ഒരു കാര്യം ഉണ്ടാകില്ല. |
| (സി) | 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് 19.10.2017-ൽ രൂപീകരിച്ച പ്രൊഫസർ എം.എ. ഖാദർ അധ്യക്ഷനായ വിദഗ്ധ സമിതിയുടെ പരിഗണനാ വിഷയങ്ങൾ 3.10.2018 -ന് കൂട്ടി ചേർത്തതിനു ശേഷം ടി വിവരം കേരളത്തിലെ അംഗീകൃത അധ്യാപക സംഘടനകളെ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (സി) | വിദഗ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉണ്ടാകണം എന്ന സർക്കാർ നിലപാട് സ്പഷ്ടീകരിക്കുന്നതിനായി കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിദഗ്ധ സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽ നിന്നും, പൊതു സമൂഹത്തിൽ നിന്നും, സംഘടനകളിൽ നിന്നും നിർദ്ദേശം ആരായുകയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 19/10/2017-ൽ രൂപീകരിച്ച പ്രൊഫ.എം.എ.ഖാദർ അദ്ധ്യക്ഷനായ കമ്മിറ്റി, റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സമർപ്പിച്ചതിനു ശേഷം എല്ലാ അദ്ധ്യാപക സംഘടനകളുമായും ടി റിപ്പോർട്ടിന്മേൽ ചർച്ച നടത്തിയിട്ടുണ്ട്. |
| (ഡി) | അറിയിച്ചിരുന്നെങ്കിൽ ഏതൊക്കെ അധ്യാപക സംഘടനകളെയാണ് അറിയിച്ചത് എന്ന് | (ഡി) | വിദഗ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉണ്ടാകണം എന്ന |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | സർക്കാർ നിലപാട് സ്പഷ്ടീകരിക്കുന്നതിനായി കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിദഗ്ധ സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽ നിന്നും, പൊതു സമൂഹത്തിൽ നിന്നും, സംഘടനകളിൽ നിന്നും നിർദ്ദേശം ആരായുകയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 19/10/2017-ൽ രൂപീകരിച്ച പ്രൊഫ.എം.എ.ഖാദർ അദ്ധ്യക്ഷനായ കമ്മിറ്റി, റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സമർപ്പിച്ചതിനു ശേഷം എല്ലാ അദ്ധ്യാപക സംഘടനകളുമായും ടി റിപ്പോർട്ടിന്മേൽ ചർച്ച നടത്തിയിട്ടുണ്ട്. |
| (ഇ) | കൂട്ടി ചേർത്ത പരിഗണനാ വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തിയ അംഗീകൃത അധ്യാപക സംഘടനകൾ ഏതെല്ലാമാണ്; | (ഇ) | വിദഗ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉണ്ടാകണം എന്ന സർക്കാർ നിലപാട് സ്പഷ്ടീകരിക്കുന്നതിനായി കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിദഗ്ധ സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽ നിന്നും, പൊതു സമൂഹത്തിൽ നിന്നും, സംഘടനകളിൽ നിന്നും നിർദ്ദേശം ആരായുകയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 19/10/2017-ൽ രൂപീകരിച്ച പ്രൊഫ.എം.എ.ഖാദർ അദ്ധ്യക്ഷനായ കമ്മിറ്റി, റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സമർപ്പിച്ചതിനു ശേഷം എല്ലാ അദ്ധ്യാപക സംഘടനകളുമായും ടി റിപ്പോർട്ടിന്മേൽ ചർച്ച നടത്തിയിട്ടുണ്ട്. |
| (എഫ്) | പരിഗണനാ വിഷയങ്ങൾ കൂട്ടി ചേർക്കാനിടയായ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ? | (എഫ്) | വിദഗ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉണ്ടാകണം എന്ന സർക്കാർ നിലപാട് സ്പഷ്ടീകരിക്കുന്നതിനായി കൂടുതൽ വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിദഗ്ധ സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകരിൽ നിന്നും, പൊതു സമൂഹത്തിൽ നിന്നും, സംഘടനകളിൽ നിന്നും നിർദ്ദേശം ആരായുകയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 19/10/2017-ൽ രൂപീകരിച്ച പ്രൊഫ.എം.എ.ഖാദർ അദ്ധ്യക്ഷനായ കമ്മിറ്റി, റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സമർപ്പിച്ചതിനു ശേഷം എല്ലാ അദ്ധ്യാപക സംഘടനകളുമായും ടി റിപ്പോർട്ടിന്മേൽ ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ